സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നൽകുവാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ;

(സി) സാംസ്ക്കാരിക സ്വയംഭരണ സ്ഥാപനങ്ങളിലെ പെൻഷൻ കാരും ജീവനക്കാരും പെൻഷൻ ആനുകൂല്യങ്ങൾക്കായി നടത്തുന്ന സമരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സമരം ഒത്തുതീർപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) സാംസ്ക്കാരിക സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി ആവിഷ്കരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

27 (441) കായംകുളം കൊച്ചുണ്ണിക്ക് സ്മാരകം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കൊച്ചുണ്ണിയെ ആദരിക്കാൻ കോഴഞ്ചേരിക്കടുത്ത് ഒരു ദേവാലയം സ്ഥാപിച്ച് ആ നാട്ടുകാർ ആരാധന നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ദേവാലയം ഏറ്റെടുക്കാൻ സാംസ്ക്കാരിക വകുപ്പ് നടപടികൾ സ്വീകരിക്കുമോ;

(സി) കായംകുളം കൊച്ചുണ്ണിക്ക് കായംകുളത്ത് ഒരു സ്മാരകം നിർമ്മിയ്ക്കാൻ സാംസ്ക്കാരിക വകുപ്പ് മുൻകൈ എടുക്കുമോ?

ഉത്തരം

(എ)&(ബി) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല.

(സി) തൽക്കാലം നിർവാഹമില്ല.

28 (442) കഥകളി ആചാര്യൻ ഗുരു ചേമഞ്ചേരി കുഞ്ഞിരാമൻ നായർക്ക് ഫെലോഷിപ്പ്

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രസിദ്ധ കഥകളി ആചാര്യൻ ഗുരുചേമഞ്ചേരി കുഞ്ഞിരാമൻ നായർക്ക് സംഗീത നാടക അക്കാഡമി ഫെലോഷിപ്പ് നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസിദ്ധനായ ഈ കലാകാരന് ഫെലോഷിപ്പ് നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇത് അക്കാദമിയാണ് പരിഗണിക്കേണ്ടത്. ഗവണ്മെന്റ് ഇത്തരം കാര്യങ്ങളിൽ കൈ കടത്താറില്ല.

LIBRARY ARCHIVES Kerala Legislative Assembly